## പതിനാലാം കേരള നിയമസഭ
## (FOURTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി VI
# (SUBJECT COMMITTEE VI)

# വിദ്യാഭ്യാസം
# (EDUCATION)

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്
## (2016-2017)

**FIRST REPORT ON THE SCRUTINY OF DEMANDS FOR GRANTS**
**(2016-2017)**

2016 സെപ്റ്റംബർ 26-ാം തീയതി സമർപ്പിച്ചത്
(Presented on September 26, 2016)


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2016

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2016

പതിനാലാം കേരള നിയമസഭ

(FOURTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി VI
# (SUBJECT COMMITTEE VI)

# വിദ്യാഭ്യാസം
# (EDUCATION)

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച
ഒന്നാമത് റിപ്പോർട്ട്
(2016-2017)

FIRST REPORT ON THE SCRUTINY OF
DEMANDS FOR GRANTS
(2016-2017)

812/2016.

# ഉള്ളടക്കം

| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

സബ്ജക്ട് കമ്മിറ്റി VI
വിദ്യാഭ്യാസം
(2016-2018)

**ഘടന**

ചെയർമാൻ :

പ്രൊഫ. സി. രവീന്ദ്രനാഥ്,
വിദ്യാഭ്യാസ വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗങ്ങൾ:

ശ്രീ. എ. കെ. ബാലൻ,
പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി

ശ്രീ. ഇ. പി. ജയരാജൻ,
വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി

അംഗങ്ങൾ :

ശ്രീ. പി. കെ. അബ്ദുറബ്ബ്

ശ്രീ. കെ. സി. ജോസഫ്

ശ്രീ. പി. ജെ. ജോസഫ്

ശ്രീ. ആർ. രാജേഷ്

ശ്രീ. റ്റി. വി. രാജേഷ്

ശ്രീ. ഷാഫി പറമ്പിൽ

ശ്രീ. എം. സ്വരാജ്

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

നിയമസഭാ സെക്രട്ടേറിയറ്റ്:

ശ്രീമതി പി. ജയലക്ഷ്മി, സെക്രട്ടറി-ഇൻ-ചാർജ്

ശ്രീ. കെ. ഗോപകുമാരൻപിള്ള, ജോയിന്റ് സെക്രട്ടറി

ശ്രീമതി ലിമ ഫ്രാൻസിസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ദീപ ആർ. കൃഷ്ണൻ, അണ്ടർ സെക്രട്ടറി.

# അവതാരിക

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ 2016-2017 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് സമിതിയുടെ ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

2016 ജൂലൈ 25, ആഗസ്റ്റ് 3, ആഗസ്റ്റ് 11 എന്നീ തീയതികളിൽ സമിതി യോഗം ചേർന്ന് കേരള നിയമസഭയുടെ ചട്ടങ്ങളിലും മാർഗ്ഗനിർദ്ദേശരേഖകളിലും വ്യവസ്ഥ ചെയ്തിട്ടുള്ളവിധം ധനാഭ്യർത്ഥന നമ്പർ XVII (വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം)-ൽ ഉൾക്കൊള്ളുന്ന വിവിധ ചെലവിനങ്ങൾ പരിശോധിച്ചു.

ധനാഭ്യർത്ഥനകളുടെ പരിശോധനാവേളയിൽ ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും ലഭിച്ച കുറിപ്പുകൾ സമിതി പരിശോധിക്കുകയും സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽനിന്നും ആവശ്യമായ ഘട്ടങ്ങളിൽ വിശദീകരണം ആരായുകയും ചെയ്തു.

ഭരണഘടനാപരവും സാമ്പത്തികപരവുമായ പരിമിതികൾക്ക് വിധേയമായി സമിതി അഭിപ്രായങ്ങൾ രൂപീകരിക്കുകയും നിഗമനങ്ങളിൽ എത്തിച്ചേരുകയും ചെയ്തു. ധനാഭ്യർത്ഥനകളിന്മേൽ ലഭിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമായ ശീർഷകങ്ങളിന്മേൽ അധികതുക അനുവദിക്കുന്നതിനുള്ള സമിതിയുടെ ശിപാർശകൾ അടങ്ങിയതാണ് ഈ റിപ്പോർട്ട്.

2016 ആഗസ്റ്റ് 11-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

പ്രൊഫ. സി. രവീന്ദ്രനാഥ്,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി VI.*

തിരുവനന്തപുരം,
2016 ആഗസ്റ്റ് 11.

# റിപ്പോർട്ട്

## ധനാഭ്യർത്ഥന നമ്പർ XVII —വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം

**വോട്ട് ചെയ്തത് : 1735117.33 ലക്ഷം രൂപ**

**ചാർജ്ജ് ചെയ്തത് : 20 ലക്ഷം രൂപ**

**പൊതുവിദ്യാഭ്യാസ വകുപ്പ്**

1) 2202-01-111-99 - **സർവശിക്ഷ അഭിയാൻ**

ബഡ്ജറ്റ് വിഹിതം (സംസ്ഥാന വിഹിതം) : പദ്ധതിയിനം : 800 ലക്ഷം രൂപ

കണ്ണൂർ, കാസർഗോഡ്, ഇടുക്കി, പാലക്കാട്, വയനാട് എന്നീ ജില്ലകളിലെ എസ്.സി/എസ്.ടി കുട്ടികൾ പഠിക്കുന്ന വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി 10 സ്കൂളുകൾക്ക് 50 ലക്ഷം രൂപ നിരക്കിൽ 5 കോടി രൂപയും അദ്ധ്യാപകർക്ക് ഇംഗ്ലീഷ്, ഹിന്ദി എന്നീ വിഷയങ്ങളിൽ കൂടുതൽ മികവ് ലഭിക്കുന്നതിന് യൂണിവേഴ്സിറ്റി, വിവിധ വിദഗ്ധ ഏജൻസികൾ എന്നിവ വഴി കോഴ്സുകൾ നൽകുന്നതിന് 2 കോടി രൂപയും അപ്രകാരം ആകെ 7 കോടി രൂപ ബഡ്ജറ്റ് വിഹിതത്തിനു പുറമെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2) 2202-01-112- 90 — ഉച്ചഭക്ഷണ പരിപാടി. ( 60 % കേന്ദ്രാവിഷ്കൃതം )

ബഡ്ജറ്റ് വിഹിതം: പദ്ധതിയിനം: 26506 ലക്ഷം രൂപ

സംസ്ഥാനത്തെ സ്കൂളുകളിൽ ഒരു കുട്ടിക്ക് 8 രൂപ നിരക്കിൽ ഉച്ചഭക്ഷണം വിതരണം ചെയ്യുന്നതിനുള്ള ചെലവിലേയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക തികച്ചും അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 32 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ~~3) 2202-~~

3) 2202-02-001-85 — സ്കൂൾ വിദ്യാഭ്യാസം - നവീകരണം

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം : 362 ലക്ഷം രൂപ

സംസ്ഥാനത്തെ സർക്കാർ സ്കൂളുകളുടെ ആധുനികവൽക്കരണത്തിനായി ഇപ്പോൾ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 380 ലക്ഷം രൂപ അധികമായി

അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4) 2202-02-105-95 — വിദ്യാഭ്യാസ പരിപാടിയുടെ വികസനം

ബഡ്ജറ്റ് വിഹിതം: പദ്ധതിയിനം : 530 ലക്ഷം രൂപ

സംസ്ഥാനത്തെ ഹയർ സെക്കന്ററി വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനായി അദ്ധ്യാപക ശാക്തീകരണത്തിനുള്ള പരിശീലന പരിപാടികൾക്ക് 5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5) 2202-02-109-71 : **അക്കാദമിക്ക് എക്സലൻസ്.**

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം : 1066 ലക്ഷം രൂപ

സംസ്ഥാനത്ത് സ്കൂൾ തലത്തിൽ വിദ്യാഭ്യാസ മികവ് ഉറപ്പുവരുത്തുന്നതിനും അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നവർക്ക് പരിശീലനം നൽകുന്നതിനും ബഡ്ജറ്റ് വിഹിതത്തിനു പുറമേ 200 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6) 2202-02-109 - 68 : **എ.എസ്.ഡബ്ലിയു.എ.എസ്.**

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം : 500 ലക്ഷം രൂപ

തിരഞ്ഞെടുക്കപ്പെട്ട 2000 ലോവർ പ്രൈമറി സ്കൂളുകളിൽ ജൈവ വൈവിദ്ധ്യ കാമ്പസ് സൃഷ്ടിക്കുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ച 500 ലക്ഷം രൂപയ്ക്കു പുറമേ 500 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

7) 2202-04-103 -98 : **കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി**

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം : 1500 ലക്ഷം രൂപ

തുടർ വിദ്യാഭ്യാസ പരിപാടികൾ, സാക്ഷരതാ പ്രവർത്തനങ്ങൾ, അട്ടപ്പാടിയിലെ പട്ടികവർഗ്ഗക്കാർക്കുവേണ്ടിയുള്ള പ്രത്യേക നിരക്ഷരതാ നിർമ്മാർജ്ജന പദ്ധതികൾ എന്നിവയ്ക്കു പുറമേ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ എന്നീ ജില്ലകളിൽ തീരദേശ നിവാസികളുടെ നിരക്ഷരതാ നിർമ്മാർജ്ജനത്തിനും തൊഴിൽ പരിശീലനങ്ങൾക്കുമായി ആരംഭിച്ച 'അക്ഷര സാഗരം ' എന്ന പുതിയ പദ്ധതിയ്ക്കുമായി ബഡ്ജറ്റ് വിഹിതത്തിനു പുറമെ 190 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

8) 2202-80-004-91 -36 - **സ്റ്റേറ്റ് കൗൺസിൽ ഓഫ് എഡ്യുക്കേഷൻ റിസർച്ച് ആന്റ് ട്രെയിനിംഗ്**

ബഡ്ജറ്റ് വിഹിതം: പദ്ധതിയിനം : 1500 ലക്ഷം രൂപ
പദ്ധതിയേതരം: 1000 രൂപ

SCERT യ്ക്ക് ഈ സാമ്പത്തിക വർഷം ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക തികച്ചും അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 3 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 5

കോടി രൂപയും അധികമായി നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

9) 2202-80-004-89- **സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യുക്കേഷണൽ മാനേജ്മെൻറ് ആൻറ് ട്രെയിനിംഗ് (എസ്.ഐ.ഇ.എം.എ.റ്റി.) -കേരള**

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം : 330 ലക്ഷം രൂപ

സീമാറ്റ് ഈ അദ്ധ്യയന വർഷം നടത്തുവാൻ ഉദ്ദേശിക്കുന്ന വിവിധ പരിശീലന പരിപാടികൾക്കായി 2 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

10) 2204-00-800-90- **പബ്ലിക്ക് ഇൻസ്ട്രക്ഷൻ ഡയറക്ടർക്കും കോളിജിയേറ്റ് വിദ്യാഭ്യാസ ഡയറക്ടർക്കും കായികനടത്തിപ്പിനുള്ള സാമ്പത്തിക സഹായം.**

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം : 60 ലക്ഷം രൂപ

പൊതു വിദ്യാഭ്യാസ വകുപ്പിനു പ്രത്യേകമായി ഉപജില്ലാതല കായിക കലാ മത്സരങ്ങളുടെ നടത്തിപ്പിനായി ലഭിക്കുന്ന തുക അപര്യാപ്തമായതിനാൽ 40 ലക്ഷം രൂപ കൂടി ഈ ആവശ്യത്തിലേയ്ക്കായി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

11) 4202-01-202-93 - **അടിസ്ഥാന സൗകര്യം -സ്കൂൾ വിദ്യാഭ്യാസം**

ബഡ്ജറ്റ് വിഹിതം:പദ്ധതിയിനം :3445 ലക്ഷം രൂപ

സർക്കാർ ലോവർ പ്രൈമറി സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനായി 30 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ഉന്നത വിദ്യാഭ്യാസ വകുപ്പ്

12) 2202-03-001-95- **പ്രൊഫഷണൽ കോളേജുകളിൽ അഡ്മിഷനു വേണ്ടിയുള്ള പ്രവേശന പരീക്ഷ കമ്മീഷണറേറ്റ്**

ബഡ്ജറ്റ് വിഹിതം: പദ്ധതിയേതരം:1082.30 ലക്ഷം രൂപ

ഓഫീസ് ചെലവ്, വാടക, കരം, നികുതി എന്നിവയുടെ കുടിശ്ശിക തീർക്കുന്നതിനായി 47.26 ലക്ഷം രൂപ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

13) 2202 -03 - 102-98 **കോഴിക്കോട് സർവ്വകലാശാല**

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം : 2350 ലക്ഷം രൂപ
പദ്ധതിയേതരം : 17238 ലക്ഷം രൂപ

സർവ്വകലാശാല ലക്ഷ്യമിട്ട പദ്ധതികൾ പൂർത്തീകരിക്കുന്നതിനായി പദ്ധതിയിനത്തിൽ 700 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ പത്താം ശമ്പള കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കിയതിന്റെ ഭാഗമായി നൽകാനുള്ള ശമ്പളവും മറ്റ് അലവൻസുകളും കൊടുത്തു തീർക്കാൻ നിലവിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 30 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

14) 2202-03-102-97 -**മഹാത്മാഗാന്ധി സർവ്വകലാശാല**

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം : 2375 ലക്ഷം രൂപ.
പദ്ധതിയേതരം : 10773 ലക്ഷം രൂപ.

വിവിധ വികസന പ്രവർത്തനങ്ങളുടെ പൂർത്തീകരണത്തിനായി പദ്ധതിയിനത്തിൽ 125 ലക്ഷം രൂപയും ശമ്പളം, പെൻഷൻ, മറ്റാനുകൂല്യങ്ങൾ എന്നിവ നൽകുന്നതിനായി പദ്ധതിയേതരയിനത്തിൽ 3623 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

15) 2202-03-102-93 - **ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല**

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം : 1400.01 ലക്ഷം രൂപ.
പദ്ധതിയേതരം : 5252 ലക്ഷം രൂപ.

പദ്ധതിയിനത്തിൽ 11 കോടി രൂപയും, പദ്ധതിയേതര ഇനത്തിൽ 7.14 കോടി രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ RIDF സ്കീമിൽ ഉൾപ്പെടുത്തി നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ഫൈൻ ആർട്സ് കോംപ്ലക്സിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിനായി 500 ലക്ഷം രൂപയും, ബഡ്ജറ്റ് വിഹിതത്തിനു പുറമെ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

16) 2202 -03 -102-92-(36) - **കണ്ണൂർ സർവ്വകലാശാല ധനസഹായം-സഹായധനം**

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം : 2000 ലക്ഷം രൂപ

താവക്കര ക്യാമ്പസിൽ ഗസ്റ്റ് ഹൗസ് നിർമ്മാണത്തിനായി 5 കോടി രൂപ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. സർവ്വകലാശാലയിലെ ദിവസ വേതനം / കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് 1.4.2016 മുതൽ 31.3.2017 വരെ വർദ്ധിപ്പിച്ച നിരക്കിലുള്ള വേതനം വിതരണം ചെയ്യുന്നതിലേക്കായി 278.96 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

17) 2202-03-103-90 - **എറണാകുളം ലോ കോളേജ്.**

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം : 329.65 ലക്ഷം രൂപ.

ടൂർ യാത്രാബത്ത, ട്രാൻസ്ഫർ യാത്രാബത്ത എന്നിവയ്ക്ക് 50,000/- രൂപ വീതവും, ലീവ് ട്രാവൽ കൺസഷന് 28000/- രൂപയും ബഡ്ജറ്റ് വിഹിതത്തിനുപുറമേ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

18) 2202-03-103-89 -**കോഴിക്കോട് ലോ കോളേജ്**

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം: 90 ലക്ഷം രൂപ.
: പദ്ധതിയേതരം : 298.14 ലക്ഷം രൂപ.

ഹോസ്റ്റൽ പുനരുദ്ധാരണത്തിന് '(34) - മറ്റ് ചെലവുകൾ' എന്ന ശീർഷകത്തിൽ 25 ലക്ഷം രൂപയും പദ്ധതിയേതര ഇനത്തിൽ '(05) - 2- വൈദ്യുതി ചെലവ് ' ഇനത്തിന് ഒരു ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

19) 2202-04-001-93- **തുടർ വിദ്യാഭ്യാസ കേന്ദ്രം**

ബഡ്ജറ്റ് വിഹിതം: പദ്ധതിയിനം :350 ലക്ഷം രൂപ

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കരിയർ സ്റ്റഡീസ് ആന്റ് റിസേർച്ച് , പൊന്നാനി, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി, കുണ്ടറ, കോളേജ് ഓഫ് എഞ്ചിനീയറിംഗ്, മൂന്നാർ, കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാഡമി, കോഴിക്കോട് എന്നിവയുടെ അടിസ്ഥാന സൗകര്യ വികസനങ്ങൾക്കായി ബഡ്ജറ്റ് വിഹിതത്തിനു പുറമെ 931 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

20) 2203-00-001-95 -**എഞ്ചിനീയറിംഗ് കോളേജുകളിലെയും പോളിടെക്നിക്കുകളിലെയും ഗ്രന്ഥശാല ശക്തിപ്പെടുത്തൽ**

ബഡ്ജറ്റ് വിഹിതം :പദ്ധതിയിനം :250 ലക്ഷം രൂപ

സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിലെയും പോളിടെക്നിക്കുകളിലെയും ലൈബ്രറികൾ നവീകരിക്കുക, ഡിജിറ്റലൈസ് ചെയ്യുക എന്നീ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിനായി 50 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

21) 2203-00-003-99- <u>എഞ്ചിനീയറിംഗ് കോളേജുകളിൽ ഫാക്കൽറ്റി വികസനം</u>

ബഡ്ജറ്റ് വിഹിതം :പദ്ധതിയിനം :725 ലക്ഷം രൂപ

എഞ്ചിനീയറിംഗ് കോളേജുകളിലെയും പോളിടെക്നിക്ക് കോളേജുകളിലെയും ഫാക്കൽറ്റി വികസനത്തിനും മറ്റ് അനുബന്ധകാര്യങ്ങൾക്കും ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ <u>75 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

22) 2203-00-102-99- <u>കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാല (കുസാറ്റ്)</u>

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം : 2100 ലക്ഷം രൂപ
: പദ്ധതിയേതരം : 10054 ലക്ഷം രൂപ.

നാക് (NACC) അംഗീകാരവുമായി ബന്ധപ്പെട്ട് സർവ്വകലാശാലയ്ക്ക് പൂർത്തീകരിക്കേണ്ട അടിസ്ഥാന പശ്ചാത്തല സൗകര്യ വികസന പ്രവൃത്തികൾക്കായി പദ്ധതിയിനത്തിൽ വകയിരുത്തിയിരിക്കുന്ന തുകയ്ക്ക് പുറമേ <u>14.46 കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u> ജീവനക്കാരുടെ വേതനം, പെൻഷൻ, DCRG എന്നിവയുടെ കുടിശ്ശിക തീർക്കുന്നതിനായും അദ്ധ്യാപക ഒഴിവുകൾ നികത്തുന്നതിനായും ബഡ്ജറ്റ് വിഹിതത്തിനു പുറമെ <u>837 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

23) 2203-00-103-99-<u>ടെക്നിക്കൽ ഹൈസ്കൂളുകളുടെ വികസനം</u>

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം :400 ലക്ഷം രൂപ

വാടക കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്നതും അടുത്ത കാലത്ത് സ്വന്തം കെട്ടിടത്തിലേയ്ക്ക് മാറ്റി പ്രവർത്തനം ആരംഭിച്ചതുമായ ടെക്നിക്കൽ ഹൈസ്കൂളുകളിൽ ആധുനിക ഉപകരണങ്ങളും യന്ത്രസാമഗ്രികളും വാങ്ങുന്നതിനും പഴയ ടെക്നിക്കൽ ഹൈസ്കൂളുകളുടെ അറ്റകുറ്റപ്പണികൾക്കും ബഡ്ജറ്റിൽ അനുവദിച്ച <u>400 ലക്ഷത്തിന് പുറമെ 500 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

24) 2203-00-104-90- **എഞ്ചിനീയറിംഗ് കോളേജുകളിലും പോളിടെക്നിക്കുകളിലും കായിക വിദ്യാഭ്യാസം ശക്തിപ്പെടുത്തലും വികസനവും**

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം :75 ലക്ഷം രൂപ

സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിലും പോളിടെക്നിക്കുകളിലും കായിക വിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിനും അതിനോടനുബന്ധിച്ച് സ്റ്റേഡിയം നിർമ്മാണം, സ്വിമ്മിംഗ് പൂൾ, ആധുനിക ഫിറ്റ്നസ് സെൻററുകളുടെ നിർമ്മാണം എന്നിവയ്ക്കും ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 75 ലക്ഷം രൂപ ഇതിലേയ്ക്കായി അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

25) 2203-00-105-77 - **പോളിടെക്നിക് കോളേജുകളിൽ മെറ്റീരിയൽ ടെസ്റ്റിംഗിനും സർട്ടിഫിക്കേഷനുമുള്ള കേന്ദ്രങ്ങൾ**

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം : 100 ലക്ഷം രൂപ

സിവിൽ എഞ്ചിനീയറിംഗ് ബ്രാഞ്ചുകൾ നിലനിൽക്കുന്ന പോളിടെക്നിക്ക് കോളേജുകളിൽ മെറ്റീരിയൽ ടെസ്റ്റിംഗ് ആന്റ് സർട്ടിഫിക്കേഷൻ സെന്റർ ആരംഭിക്കുന്നതിനുള്ള പദ്ധതി വിഹിതം. തികച്ചും അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ ഒരു കോടി രൂപ അധികമായി നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

26) 2203-00-112-66- **എഞ്ചിനീയറിംഗ് കോളേജുകളിൽ വിദ്യാഭ്യാസ വിഭവ കേന്ദ്രം**

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം : 120 ലക്ഷം രൂപ

സംസ്ഥാനത്തെ എല്ലാ എഞ്ചിനീയറിംഗ് കോളേജുകളിലും കെ-ബെയ്സ് ഡിജിറ്റൽ സംവിധാനം വ്യാപിപ്പിക്കുക, ഗവേഷണ പദ്ധതികൾക്കുള്ള കലവറ സൃഷ്ടിക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ ഉൾപ്പെടുന്ന എഡ്യൂക്കേഷൻ റിസോഴ്സ് സെന്റർ എന്ന സ്കീമിന് ഈ ശീർഷകത്തിൽ 30 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

27) 2203-00-112-65- **മൂന്ന് എഞ്ചിനീയറിംഗ് കോളേജുകളിൽ ഗുണനിലവാരം മെച്ചപ്പെടുത്തൽ പദ്ധതി കേന്ദ്രം**

ബഡ്ജറ്റ് വിഹിതം :പദ്ധതിയിനം :421 ലക്ഷം രൂപ

എഞ്ചിനീയറിംഗ് കോളേജുകളിൽ ക്യൂ.ഐ.പി. സെൻററുകൾക്ക് വേണ്ടിയുള്ള ലബോറട്ടറിയുടെ

ആധുനീകരണം, ലൈബ്രറി സൗകര്യങ്ങൾ, ക്യൂ.ഐ.പി. ഗവേഷണ വിദ്യാർത്ഥികൾക്ക് വേണ്ടി കെട്ടിട നിർമ്മാണം തുടങ്ങിയ പ്രവൃത്തികൾ നടപ്പിലാക്കുവാൻ ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന പദ്ധതി വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 500 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

28) 2203-00-112-60- **ഹ്യൂമൻ റിസോഴ്സസ് ഡെവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (ഐ.എച്ച്.ആർ.ഡി)**

ബഡ്ജറ്റ് വിഹിതം: പദ്ധതിയിനം : 1350 ലക്ഷം രൂപ

വികസനത്തിനു വളരെയേറെ സാധ്യതയുള്ള ഇൻസ്റ്റിറ്റ്യൂട്ടിലെ ജീവനക്കാരുടെ ശമ്പളം ഇപ്പോഴും പദ്ധതി ഇനത്തിൽ വകയിരുത്തിയിരിക്കുന്നതിൽ അസംതൃപ്തി രേഖപ്പെടുത്തുന്ന സമിതി, അടുത്ത ബഡ്ജറ്റിൽ ഈ ആവശ്യത്തിലേയ്ക്കായി പുതിയ ഒരു പദ്ധതിയേതര ഹെഡ് ആരംഭിക്കണമെന്ന് നിർദ്ദേശിക്കുന്നു. ഈ സാമ്പത്തിക വർഷത്തെ ശമ്പളപരിഷ്കരണം ഉൾപ്പെടെയുള്ള ശമ്പള ഇനത്തിൽ വരുന്ന ചെലവുകൾ പദ്ധതിയിനത്തിൽ വകയിരുത്തണമെന്നും ഇതിലേയ്ക്കായി ഈ ശീർഷകത്തിൽ 30 കോടി രൂപ അധികമായി അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

29) 2203-00-112-58- **എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി**

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം : 350 ലക്ഷം രൂപ.

പൂജപ്പുര എൽ.ബി.എസ്. ഐ. റ്റി.ഡബ്ല്യൂ വിലെ ലേഡീസ് ഹോസ്റ്റലിന്റെ നിർമ്മാണത്തിന് 330 ലക്ഷം രൂപയും കാസർഗോഡ് എൽ.ബി.എസ് എഞ്ചിനീയറിംഗ് കോളേജിൽ ടെക്നോളജി ബിസിനസ് ഇൻക്യുബേഷൻ സെന്റർ സ്ഥാപിക്കുന്നതിനായി 220 ലക്ഷം രൂപയും അപ്രകാരം ആകെ 550 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

30) 2203-00-112-53 - **പോളിടെക്നിക്കുകളിലും എഞ്ചിനീയറിംഗ് കോളേജുകളിലും ടെക്നോളജി ബിസിനസ്സ് ഇൻക്യുബേഷൻ സെന്ററുകൾ ആരംഭിക്കൽ**

ബഡ്ജറ്റ് വിഹിതം :പദ്ധതിയിനം: 100 ലക്ഷം രൂപ

പുതുതായി വിജയിച്ചുവരുന്ന എഞ്ചിനീയറിംഗ് ഡിപ്ലോമ/ബിരുദധാരികൾക്ക് പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ആത്മവിശ്വാസം വളർത്തിയെടുക്കുന്നതിനായി ടെക്നോളജി ബിസിനസ് ഇൻക്യുബേഷൻ സെന്ററുകൾ ആരംഭിക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള വിഹിതം തികച്ചും അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ഒരു കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി

ശിപാർശ ചെയ്യുന്നു.

31) 2203-00-112-52 **കംപ്യൂട്ടർ ആപ്ലിക്കേഷൻ എലിജിബിലിറ്റി ടെസ്റ്റ് ആരംഭിക്കൽ**

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം :1 ലക്ഷം രൂപ

പബ്ലിക് സർവ്വീസ് കമ്മീഷനിലും പൊതുമേഖലാ സ്ഥാപനങ്ങളിലും അപേക്ഷിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് ആവശ്യമായ കമ്പ്യൂട്ടർ കഴിവുകൾ പരിശോധിക്കുന്നതിന് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ എലിജിബിലിറ്റി ടെസ്റ്റ് നടത്തുന്നതിന് ആവശ്യമായി വരുന്ന സർവർ വാടക, സോഫ്റ്റ്‌വെയർ വികസനം, ചോദ്യാവലി തയ്യാറാക്കൽ, സേവനമനുഷ്ഠിക്കുന്നവർക്കുള്ള വേതനം, പരീക്ഷകൾ സംഘടിപ്പിക്കൽ, വാല്യുവേഷൻ, ഫലപ്രഖ്യാപനം, സർട്ടിഫിക്കറ്റ് നൽകൽ തുടങ്ങിയവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിരിക്കുന്ന തുകയ്ക്കു പുറമെ ഒരു കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

32) 2204-00-102-99- **നാഷണൽ കേഡറ്റ് കോർ**

ബഡ്ജറ്റ് വിഹിതം: പദ്ധതിയേതരം:5585.01 ലക്ഷം രൂപ

യാത്രാബത്ത, ടെലഫോൺ ചാർജ്, വാടക, ഓഫീസുകളിലെ കംപ്യൂട്ടർ നവീകരണം എന്നിവയ്ക്കായുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 86 ലക്ഷം രൂപ അധികമായി നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

33) 2205-00-101-99- **സംഗീത കോളേജുകൾ**

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം : 100 ലക്ഷം രൂപ

സംഗീത കോളേജുകളിൽ ക്ലാസ് മുറികളിൽ ശബ്ദക്രമീകരണ സംവിധാനം, സംഗീതോപകരണങ്ങളുടെ റിപ്പയറിംഗ്, ഐ.ടി ഉപകരണങ്ങൾ വാങ്ങൽ, എന്നിങ്ങനെയുള്ള അടിസ്ഥാന സൗകര്യ വികസനത്തിന് ബഡ്ജറ്റ് വിഹിതത്തിനു പുറമെ 10 കോടി രൂപ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

34) 2205-00-105-97-34 - **കേരള സംസ്ഥാന സെൻട്രൽ ലൈബ്രറി - മറ്റു ചെലവുകൾ**

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം : 30 ലക്ഷം രൂപ

ലൈബ്രറിയുടെ നടപ്പുവർഷത്തെ അടിസ്ഥാന സൗകര്യ വികസനങ്ങൾക്കായി 15 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

35) 4202-01-203-99- **ലോ കോളേജുകൾ ഉൾപ്പെടെ കോളേജുകളുടെയും ഹോസ്റ്റലുകളുടെയും കെട്ടിട നിർമ്മാണം**

ബഡ്ജറ്റ് വിഹിതം : 220 ലക്ഷം രൂപ

കോഴിക്കോട് ലോ കോളേജിലെ ക്ലാസ് റൂം, പരീക്ഷാഹാൾ എന്നിവയുടെ

നിർമ്മാണത്തിനായി 2 കോടിയും, മൂട്ട് കോർട്ട് ഹാൾ നിർമ്മാണത്തിനായി 5 കോടിയും അപ്രകാരം ആകെ 7 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സാംസ്കാരിക കാര്യ വകുപ്പ്

36) 2202-05-102-98-36 - **സംസ്ഥാന സർവ്വവിജ്ഞാനകോശ പ്രസിദ്ധീകരണ കേന്ദ്രം - സഹായധനം - ശമ്പളേതരം**

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം : 155 ലക്ഷം രൂപ
പദ്ധതിയേതരം : 236.24 ലക്ഷം രൂപ

ഇൻസ്റ്റിറ്റ്യൂട്ട് വിഭാവനം ചെയ്ത പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയേതര ഇനത്തിൽ 7 കോടി രൂപ അധികമായി അനുവദിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

37) 2202-05-102-97- **സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്**

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം : 135 ലക്ഷം രൂപ
പദ്ധതിയേതരം : 117.37 ലക്ഷം രൂപ

ഇൻസ്റ്റിറ്റ്യൂട്ട് വിഭാവനം ചെയ്യുന്ന രീതിയിൽ കുട്ടികളിൽ വിജ്ഞാനവും സർഗ്ഗാത്മകവുമായ കഴിവുകൾ വികസിപ്പിക്കുന്നതിനുള്ള പദ്ധതികളുടെ നടത്തിപ്പിനും ജീവനക്കാരുടെ ശമ്പളം, ഓഫീസ് ചെലവുകൾ, ഭരണ ചെലവുകൾ തുടങ്ങിയവയ്ക്കുള്ള ചെലവുകൾക്കും ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 53 ലക്ഷം രൂപയും പദ്ധതിയേതര ഇനത്തിൽ 168.51 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

38) 2202-05-102-96- 36 - **കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് - സഹായധനം - ശമ്പളേതരം**

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം : 175 ലക്ഷം രൂപ
പദ്ധതിയേതരം : 301.07 ലക്ഷം രൂപ

കോഴിക്കോട് റീജിയണൽ സെന്ററിന്റെ കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിനും ജീവനക്കാരുടെ വേതനം, ഡി. എ കുടിശ്ശിക എന്നിവ നൽകുന്നതിനുമായി പദ്ധതിയിനത്തിൽ 272 ലക്ഷം രൂപയും പദ്ധതിയേതര ഇനത്തിൽ 1 കോടി രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

39) 2202-05-102-92-36- **കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി ധനസഹായം - സഹായധനം - ശമ്പളേതരം**

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം : 45 ലക്ഷം രൂപ

വിവിധ പുസ്തക മേളകൾ നടത്തുന്നതിനും പുതിയ വിൽപ്പന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും കേന്ദ്ര ഓഫീസ്, സഞ്ചരിക്കുന്ന പുസ്തകശാലകൾ എന്നിവയുടെ നവീകരണത്തിനും പദ്ധതിയിനത്തിൽ 2 കോടി രൂപയും പദ്ധതിയേതര ഇനത്തിൽ 69,40,420 രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

40) 2202-05-102-86 - **മലയാളം മിഷൻ**

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം : 87 ലക്ഷം രൂപ

പദ്ധതിയേതരം : 25 ലക്ഷം രൂപ

ശമ്പളം / വേതനം, ഓഫീസ് വാടക, യാത്ര ചെലവ്, മറ്റ് ഓഫീസ് ചെലവുകൾ തുടങ്ങിയ ആവശ്യങ്ങളിലേക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയേതര ഇനത്തിൽ 50 ലക്ഷം രൂപ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

41) 2205-00-101-97 **കേരള കലാമണ്ഡലം**

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം : 965 ലക്ഷം രൂപ

പദ്ധതിയേതരം: 583.48 ലക്ഷം രൂപ

കലാമണ്ഡലത്തിന്റെ സുഗമമായ നടത്തിപ്പിനാവശ്യമായ ചെലവുകളിൽ വന്ന വർദ്ധനവ് പരിഹരിക്കുന്നതിന് പദ്ധതിയിനത്തിൽ 500 ലക്ഷം രൂപയും ജീവനക്കാരുടെ ശമ്പളം, അലവൻസുകൾ, ശമ്പള പരിഷ്കരണ കുടിശ്ശിക, കറന്റ്ചാർജ്ജ് എന്നീ ചെലവുകളിലേയ്ക്കായി പദ്ധതിയേതരയിനത്തിൽ 600 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

42) 2205-00-101-96- **ജവഹർ ബാലഭവൻ**

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം : 100 ലക്ഷം രൂപ

പദ്ധതിയേതരം : 106.55 ലക്ഷം രൂപ

ബാലഭവന്റെ പ്രധാന ഗേറ്റ് മുതലുള്ള റോഡും മുറ്റവും ഇന്റർലോക്ക് ചെയ്യുന്നതിനും കുട്ടികളുടെ ലൈബ്രറി നവീകരണം, ക്ലേ മോഡലിംഗ് ക്ലാസ്സ് നിർമ്മാണം എന്നിങ്ങനെയുള്ള അടിസ്ഥാന സൗകര്യ വികസനത്തിനുമായി അനുവദിച്ച ബഡ്ജറ്റ് വിഹിതം തികച്ചും അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 79.8 ലക്ഷം രൂപയും പദ്ധതിയേതര യിനത്തിൽ 193.4 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

43) 2205-00-102-98 - **പ്രമുഖരായ കലാകാരന്മാരുടെയും സാഹിത്യകാരന്മാരുടെയും സ്മാരകങ്ങൾക്കായുള്ള സഹായം**

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം : 138 ലക്ഷം രൂപ

ഓരോ ജില്ലാ കേന്ദ്രങ്ങളിലും അതത് പ്രദേശത്തെ പ്രമുഖ കലാ / സാഹിത്യ നായകന്മാരുടെ പേരിൽ സ്മാരകങ്ങൾ / സാംസ്കാരിക കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിനായി 1 കോടി രൂപ വീതം അനുവദിക്കണമെന്നും കൊല്ലങ്കോട് പി. കുഞ്ഞിരാമൻ സ്മാരകത്തിനും ലക്കിടിയിൽ മഹാകവി കുഞ്ചൻനമ്പ്യാർ സ്മാരകത്തിനും 25 ലക്ഷം രൂപ വീതം അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(36) - **സഹായധനം - ശമ്പളേതരം**

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം : 37.83 ലക്ഷം രൂപ

44. പ്രമുഖരായ കലാകാരന്മാരുടേയും സാഹിത്യകാരന്മാരുടേയും സ്മാരകങ്ങൾക്ക് ധനസഹായം നൽകുന്നതിനായി പ്രസ്തുത ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണ്. വക്കം മൗലവി ഫൗണ്ടേഷൻ, തിരുവനന്തപുരം എന്ന സ്ഥാപനത്തിന് 5 ലക്ഷം രൂപ ആവർത്തന ധനസഹായം നൽകുന്നതിന് ഉത്തരവായിട്ടുള്ളതിനാൽ ഇതിനായി പ്രസ്തുത ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

45) 2205-00-102 -97- **കേരള സാഹിത്യ അക്കാദമി**

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം : 245 ലക്ഷം രൂപ
പദ്ധതിയേതരം 116.90 ലക്ഷം രൂപ

ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ള 50 % വർദ്ധനവ് ലഭിക്കത്തക്ക വിധത്തിൽ പദ്ധതിയിനത്തിലും പദ്ധതിയേതര ഇനത്തിലും പ്രസ്തുത ശീർഷകത്തിൽ അധികമായി തുക അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

46) 2205-00-102-91 - **കേരള ലളിത കലാ അക്കാദമി**

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം : 425 ലക്ഷം രൂപ

കാക്കണ്ണപ്പാറ കലാഗ്രാമത്തിന്റെ വികസനത്തിന് വേണ്ടി ബഡ്ജറ്റിൽ പ്രഖ്യാപിച്ച 50 % വർദ്ധനവ് അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

47) 2205 - 00 - 102 - 90 - **കേരള സംഗീത നാടക അക്കാദമി**

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം :404 ലക്ഷം രൂപ

പദ്ധതിയേതരം :105.2 ലക്ഷം രൂപ

അന്തർദേശീയ നാടകോത്സവത്തിന്റെ നടത്തിപ്പിനായി പദ്ധതിയിനത്തിലും ശമ്പളപരിഷ്കരണത്തിനായി പദ്ധതിയേതരയിനത്തിലും പ്രസ്തുത ശീർഷകത്തിൽ അനുവദിച്ച തുകയ്ക്ക് പുറമെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 50% വർദ്ധനവ് ലഭിക്കത്തക്കവിധം അധിക തുക അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

48) 2205-00 -102-89 - **നൃത്തനാടക സംഗീത സംഘടനകൾക്കും മറ്റ് കലാസാംസ്കാരിക സംഘടനകൾക്കും ധനസഹായം**

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം : 5 ലക്ഷം രൂപ

കാർട്ടൂൺ അക്കാദമിക്ക് വാർഷിക ഗ്രാന്റ് നൽകുന്നതിനായി 90,000 രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

49) 2205-00-102-86 -36 - **മാർഗി സഹായധനം - ശമ്പളേതരം**

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം : 45 ലക്ഷം രൂപ

കേന്ദ്രസർക്കാരിന്റെ നയപരമായ തീരുമാനത്തിൽ വന്ന വ്യതിയാനംമൂലം കഥകളി / കൂടിയാട്ടം കലാകാരന്മാർക്ക് ഈ സാമ്പത്തിക വർഷം മുതൽ ഗ്രാന്റ് ലഭിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത അദ്ധ്യാപകർക്ക് ശമ്പളം നൽകുന്നതിനും ഇരയിമ്മൻ തമ്പി രചിച്ച മൂന്ന് ആട്ടകഥകളും സ്പാനിഷ് എഴുത്തുകാരനായ സെർവാഞ്ചീസിന്റെ 'ഡോൺ ക്വിക്സോട്ട് ' ആട്ടകഥയാക്കി അവതരപ്പിക്കുന്നതിനുമായി 15 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

50) 2205-00-102-76 - **ഗുരു ഗോപിനാഥ് നടനഗ്രാമം**

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം: 35 ലക്ഷം രൂപ

പദ്ധതിയേതരം: 42.40 ലക്ഷം രൂപ

ചിലമ്പൊലി, ആഡിറ്റോറിയം മേൽക്കൂര നിർമ്മാണം, പ്രവേശനകവാട നിർമ്മാണം, ഗാർഡനിംഗ്, മെയിന്റനൻസ് എന്നിവയ്ക്കായും ദേശീയ നൃത്തമ്യൂസിയവുമായി ബന്ധപ്പെട്ട സെമിനാറുകൾ, ശില്പശാലകൾ എന്നിവ സംഘടിപ്പിക്കുന്നതിനായും പദ്ധതിയിനത്തിൽ 72 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കരാർ അടിസ്ഥാനത്തിൽ നിലവിൽ ജോലി ചെയ്യുന്ന അധ്യാപകരുടെ പ്രതിമാസ വേതനം 12000/- രൂപയിൽ നിന്ന് 25,000/- രൂപയാക്കി വർദ്ധിപ്പിക്കുന്നതിനും മറ്റ് അനുബന്ധ ചെലവുകൾക്കുമായി പദ്ധതിയേതരയിനത്തിൽ 19.60 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

51) 2205-00-102-75 **കേരളത്തിൽ നടത്തുന്ന അന്തർദേശീയ ഫിലിം മേള**

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം : 50 ലക്ഷം രൂപ

2205 - 00 - 102 - 66 - **കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി**

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം : 510 ലക്ഷം രൂപ
പദ്ധതിയേതരം : 284.17 ലക്ഷം രൂപ

അന്തർദേശീയ ചലച്ചിത്രോത്സവം, ദേശീയ ചലച്ചിത്രമേളകൾ, അന്തർദേശീയ ഹ്രസ്വ ചലച്ചിത്രമേള, മലയാള സിനിമയുടെ പ്രോത്സാഹന പരിപാടി, ടെലിവിഷൻ മാധ്യമം, ഫിലിം ലൈബ്രറി നവീകരണം, ടൂറിംഗ് ടാക്കീസ് പരിപാടി എന്നിവയ്ക്കായി അനുവദിച്ച തുക അപര്യാപ്തമാണ്. ആയതിനാൽ പദ്ധതിയിനത്തിൽ 190 ലക്ഷം രൂപയും കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിക്ക് പദ്ധതിയേതരയിനത്തിൽ 63.83 ലക്ഷം രൂപയും കൂടാതെ, കേരളത്തിൽ നടക്കുന്ന അന്തർദേശീയ ഫിലിം മേളയ്ക്ക് 50 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

52) 2205-00 -102-74 -36- **കേരള നാടൻ കല അക്കാഡമി**

**സഹായധനം - ശമ്പളേതരം**

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം :190 ലക്ഷം രൂപ
പദ്ധതിയേതരം :23.74 ലക്ഷം രൂപ

ഫോക് ലോർ അക്കാഡമിയുടെ സുഗമമായ നടത്തിപ്പിനായി ബഡ്ജറ്റ് വിഹിതത്തിനു പുറമേ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 50 % വർദ്ധനവ് വരത്തക്കവിധം അധികതുക അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

53) 2205 - 00 - 102 - 69 - **പ്രമുഖരായ കലാകാരന്മാരുടെയും സാഹിത്യകാരന്മാരുടെയും വിധവകൾക്കും ആശ്രിതർക്കും ധനസഹായം**

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം :2.52 ലക്ഷം രൂപ

പ്രസ്തുത ശീർഷകത്തിൽ 2.4 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

54) 2205-00-102-68- **വാസ്തു വിദ്യാ ഗുരുകുലം**

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം : 55 ലക്ഷം രൂപ

പദ്ധതിയേതരം: ഇല്ല

ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനായി പദ്ധതിയേതരയിനത്തിൽ 20 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

55) 2205-00-102-65-33- **മലയാള ചിത്രങ്ങൾക്കുള്ള സബ്സിഡി**

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം : 141.15 ലക്ഷം രൂപ

ചിത്രാഞ്ജലി സ്റ്റുഡിയോയുടെ സാങ്കേതിക സഹായത്തോടെ നിർമ്മിച്ച ചലച്ചിത്രങ്ങൾക്കും ഡോക്യുമെന്ററി, ഹ്രസ്വ ചിത്രങ്ങൾക്കും സബ്സിഡി ഇനത്തിൽ കുടിശ്ശിക നൽകുന്നതിനും, 60 മലയാള ചിത്രങ്ങൾക്ക് സബ്സിഡി തുകയായ 5 ലക്ഷം രൂപ വീതം നൽകേണ്ടതിനും 4.58 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

56) 2205-00-102-63 - **മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാഡമി**

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം: 60.5 ലക്ഷം രൂപ

മാപ്പിളകലാ അക്കാഡമിയിലെ വികസന പ്രവർത്തനങ്ങൾക്കും മാപ്പിളകലാ സാഹിത്യ പ്രവർത്തനങ്ങൾക്കുമായി 250 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

57) 2205-00-102-55-**കുമാരനാശാൻ ദേശീയ സാംസ്കാരിക കേന്ദ്രം, തോന്നയ്ക്കൽ**

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം : 1 ലക്ഷം രൂപ

പദ്ധതിയേതരം : ഇല്ല

കുമാരനാശാൻ ദേശീയ സാംസ്കാരിക പൈതൃക മ്യൂസിയം നിർമ്മാണം, ഭൗതിക സൗകര്യ വികസനം, ആശാൻകൃതികളുടെ പ്രസിദ്ധീകരണം, വിവർത്തനം, ആശാൻ ഗ്രന്ഥസൂചി തയ്യാറാക്കൽ തുടങ്ങിയവയ്ക്കായി പദ്ധതിയിനത്തിൽ 171 ലക്ഷം രൂപയും പദ്ധതിയേതര ഇനത്തിൽ 50 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

58) 2205-00-102-52-01 **സാംസ്കാരിക ഡയറക്ടറേറ്റ് - ശമ്പളം**

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം : 82.91 ലക്ഷം രൂപ

സാംസ്കാരിക സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ശമ്പളാനുകൂല്യങ്ങൾ നൽകുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുകയ്ക്ക് പുറമേ 5 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

59) 2205-00-102-40-36- **വൈലോപ്പിള്ളി സംസ്കൃതി ഭവൻ (വിവിധോദ്ദേശ്യ സാംസ്കാരിക സമുച്ചയം)**

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം: 65 ലക്ഷം രൂപ

പദ്ധതിയേതരം: ഇല്ല

സ്ഥാപനത്തിന്റെ അടിസ്ഥാന വികസനം നടത്തി വരുമാനം വർദ്ധിപ്പിച്ച് വിവിധ സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കുന്നതിനായി പദ്ധതിയിനത്തിൽ 73 ലക്ഷം രൂപയും പദ്ധതിയേതരയിനത്തിൽ 36 ലക്ഷം രൂപയും ചേർത്ത് 109 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

60) 2205 - 00 - 102 - 31- **കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ഫണ്ട്**

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം : 25 ലക്ഷം രൂപ

ജീവനക്കാരുടെ വേതന നിരക്കിലുണ്ടായ വർദ്ധനവും ഓഫീസ് ആട്ടോമേഷൻ ചാർജ്ജിനത്തിൽ കെൽട്രോണിനു നൽകേണ്ട കുടിശ്ശിക തുക നൽകുന്നതിലേയ്ക്കുമായി ബഡ്ജറ്റ് വിഹിതത്തിനു പുറമേ 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

61) 2205-00-102-28- **പ്രശസ്തരായ സാഹിത്യകാരന്മാരുടെയും സാംസ്കാരിക നായകന്മാരുടെയും പേരിലുള്ള സ്ഥാപനങ്ങളുടെ പുനരുജ്ജീവനവും ശാക്തീകരണവും**

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം : 110 ലക്ഷം രൂപ

പ്രശസ്തരായ കലാകാരന്മാരുടെയും സാഹിത്യകാരന്മാരുടെയും നാമധേയത്തിലുള്ള സ്മാരകങ്ങളുടെ പുനരുജ്ജീവനത്തിന് ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുകയ്ക്ക് പുറമേ 10 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

62) 2205-00-102-12 - **കൊങ്കണി സാഹിത്യ അക്കാദമി**

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം : ഇല്ല
പദ്ധതിയേതരം : 1000 രൂപ

മൂന്ന് താൽക്കാലിക ജീവനക്കാരെ നിയമിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ഓഫീസ് മുറിയുടെ വാടക നൽകുന്നതിനും കൊങ്കണി ഭാഷയിൽ സാഹിത്യം, കല, വിദ്യാഭ്യാസ രംഗങ്ങളിലെ പ്രവർത്തനങ്ങൾ എന്നിവയുമായി പദ്ധതിയിനത്തിൽ 67.84 ലക്ഷം രൂപയും പദ്ധതിയേതരയിനത്തിൽ 125 ലക്ഷം രൂപയും അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

63) 2205-00-105-99-31 - **കേരള സംസ്ഥാന ലൈബ്രറി കൗൺസിൽ സഹായധനം - ശമ്പളം**

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം : 475.43 ലക്ഷം രൂപ

ജീവനക്കാർക്കും പെൻഷൻകാർക്കും ശമ്പള പരിഷ്കരണം, ഡി.എ, ഡി.ആർ വർദ്ധനവ് എന്നിവ നൽകുന്ന ആവശ്യത്തിലേക്കായി പദ്ധതിയേതരയിനത്തിൽ 524.57 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**(36) സഹായധനം - ശമ്പളേതരം**

ബഡ്ജറ്റ് വിഹിതം: പദ്ധതിയിനം : 82 ലക്ഷം രൂപ
പദ്ധതിയേതരം : 1734.95 ലക്ഷം രൂപ

64. ലൈബ്രറി കമ്പ്യൂട്ടറൈസ് ചെയ്യുന്നതിനായി പദ്ധതിയിനത്തിൽ 118 ലക്ഷം രൂപയും ആസ്ഥാന മന്ദിരനിർമ്മാണം, ലൈബ്രറികൾക്കുള്ള ഗ്രാന്റ് വർദ്ധനവ്, ലൈബ്രേറിയൻ അലവൻസ് വർദ്ധനവ് എന്നിവയ്ക്കായി പദ്ധതിയേതര ഇനത്തിൽ 4065.05 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

8/12/2016.

65) 2205-00-800-73 - **സാംസ്കാരിക സ്ഥാപനങ്ങളിലെ ജീവനക്കാർക്കുള്ള പെൻഷൻ - ധനസഹായം**

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം : 550 ലക്ഷം രൂപ

പെൻഷൻ വിതരണത്തിനായി 50 ലക്ഷം രൂപയും വിവിധ സാംസ്കാരിക സ്ഥാപനങ്ങളിലെ വിരമിച്ച ജീവനക്കാർക്കുള്ള പെൻഷൻ പരിഷ്കരണത്തിനായി 100 ലക്ഷം രൂപയും 2016 - 17 വർഷം വിരമിക്കുന്നവർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനായി 100 ലക്ഷം രൂപയും ചേർത്ത് ആകെ 250 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

66) 4202-04-190 -99 - **കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ**

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം : 400 ലക്ഷം രൂപ

ചിത്രാഞ്ജലി സ്റ്റുഡിയോയിൽ ആധുനിക രീതിയിലുള്ള ഷൂട്ടിംഗ് സെറ്റുകളുടെ നിർമ്മാണത്തിനും നോർത്ത് പറവൂർ തിയേറ്ററിന്റെ നവീകരണത്തിനുമായി രണ്ടു കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സംസ്ഥാന പുരാവസ്തു ഗവേഷണ വകുപ്പ്

67) 2205-00-103-99- **പുരാവസ്തു ഗവേഷണ വകുപ്പ്**

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം : 1202.10 ലക്ഷം രൂപ

വിവിധ ജില്ലകളിൽ ജില്ലാ പൈതൃക മ്യൂസിയങ്ങൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി നിയമിക്കേണ്ടി വരുന്ന ജീവനക്കാരുടെ വേതനം, യാത്രാബത്ത, അവധിയാത്രാനുകൂല്യം, വെള്ളക്കരം, വൈദ്യുതി, മറ്റിനം തുടങ്ങിയവയ്ക്കുള്ള ചെലവുകൾക്ക് 34.20 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

68) 2205-00-103-85- **പൈതൃക പഠന കേന്ദ്രം**

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം : 95 ലക്ഷം രൂപ

സെന്ററിനു കീഴിലുള്ള മാൻ പാർക്കിന്റെ അംഗീകാരം റദ്ദാക്കിയ സാഹചര്യത്തിൽ മാനുകളെ വനം വകുപ്പിന്റെ മേൽ നോട്ടത്തിൽ മാറ്റി പാർപ്പിക്കുന്നതിനും മറ്റു പദ്ധതിയേതര പ്രവർത്തനങ്ങൾക്കുമായി 2 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

69) 2205-00-107-99- **ആർട്ട് മ്യൂസിയം ഉൾപ്പെടെയുള്ള മ്യൂസിയം**

**(02) - വേതനം**

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം : 160 ലക്ഷം രൂപ

മൃഗശാലയിലെ ദിവസവേതന ജീവനക്കാരുടെ വേതനം വർദ്ധിപ്പിച്ച സാഹചര്യത്തിൽ പുതുക്കിയ നിരക്കിലുള്ള വേതനം കുടിശ്ശിക ഉൾപ്പെടെ നൽകുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ച തുക തീരെ പര്യാപ്തമല്ലാത്തതിനാൽ 50 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**(05) - ഓഫീസ് ചെലവുകൾ - (1) - വെള്ളക്കരം**

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം : 34.1 ലക്ഷം രൂപ

70) മൃഗശാലകളിലെ വെള്ളക്കരത്തിന്റെ കുടിശ്ശിക തീർക്കുന്നതിനായി ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## കായിക യുവജനകാര്യ വകുപ്പ്

71) 2204 -00-001-99- **കായിക യുവജനകാര്യ ഡയറക്ടറേറ്റ്**

**(05) -ഓഫീസ് ചെലവ് (2)-വൈദ്യുത ചെലവ്**

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം : 5 ലക്ഷം രൂപ

ഓഫീസിലേയും സ്റ്റേഡിയത്തിലേയും സ്വിമ്മിംഗ് പൂളിലേയും വൈദ്യുതി ചെലവുകൾക്കായി 5 ലക്ഷം രൂപ അധികമായി നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**(4)-മറ്റിനങ്ങൾ**

ബഡ്ജറ്റ് വിഹിതം: പദ്ധതിയേതരം : 1.10 ലക്ഷം രൂപ

72) ഓഫീസ് ചെലവുകൾക്കായി 200 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

73) 2204 -00-103-98-36- **യൂത്ത് വെൽഫെയർ ബോർഡ്- സഹായധനം -ശമ്പളേതരം**

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം : 1865 ലക്ഷം രൂപ

പദ്ധതിയേതരം : 29.88 ലക്ഷം രൂപ

പഞ്ചായത്ത്, ബ്ലോക്ക് തലങ്ങളിൽ കേരളോത്സവം സംഘടിപ്പിക്കുന്നതിന് നിലവിൽ ലഭിക്കുന്ന തുക അപര്യാപ്തമായതിനാൽ പ്രസ്തുത തുക യഥാക്രമം ₹ 25000/-,

₹ 50000/- വീതം വർദ്ധിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

74) ജീവനക്കാരുടെ ശമ്പളം, യാത്രാബത്ത, ഓഫീസ് ചെലവുകൾ, പി.ഒ.എൽ എന്നിവയ്ക്കായി അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയേതരയിനത്തിൽ 200 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

75) 2204-00-103-68-31- **കേരള സംസ്ഥാന യൂത്ത് കമ്മീഷൻ - സഹായധനം - ശമ്പളം**

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം : 64.82 ലക്ഷം രൂപ

ശമ്പള പരിഷ്കരണം മൂലമുണ്ടായ അധികചെലവിലേയ്ക്കായി പദ്ധതിയേതരയിനത്തിൽ 22.176 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

76) 2204-00-104-97-**കേരള സ്പോർട്സ് കൗൺസിൽ**

**(31)-സഹായധനം-ശമ്പളം**

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം : 895.20 ലക്ഷം രൂപ

**(36)-സഹായധനം-ശമ്പളേതരം**

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം : 501.75 ലക്ഷം രൂപ

2016-17 സാമ്പത്തിക വർഷത്തിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിലെ ജീവനക്കാരുടെ ശമ്പളം, പുതുക്കിയ നിരക്കിലെ ഡി.എ., ഡി.എ. കുടിശ്ശിക, 9-ാം ശമ്പള കമ്മീഷൻ കുടിശ്ശിക, 10-ാം ശമ്പള കമ്മീഷൻ നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന അധിക ചെലവ്, ജീവനക്കാരുടെ സറണ്ടർ, യാത്രാബത്ത, 2016-17 കാലയളവിൽ വിരമിക്കുന്ന ജീവനക്കാരുടെ പെൻഷനും ആനുകൂല്യങ്ങളും, മറ്റ് ഓഫീസ് ചെലവുകൾ എന്നിവയ്ക്ക് അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ (31), (36) എന്നീ ശീർഷകങ്ങളിൽ യഥാക്രമം 400 ലക്ഷം രൂപയും 218.05 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**(36)-സഹായധനം - ശമ്പളേതരം**

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം : 2650 ലക്ഷം രൂപ

77) കേരളത്തെ പ്രതിനിധീകരിച്ച് ദേശീയ ചാമ്പ്യൻഷിപ്പുകളിൽ പങ്കെടുക്കുന്ന കായിക താരങ്ങൾക്ക് കോച്ചിംഗ് ക്യാമ്പിനുള്ള ഡി.എ, ചാമ്പ്യൻഷിപ്പുകളിൽ പങ്കെടുക്കുന്നതിനുള്ള ഡി.എ, കൗൺസിലിന് ഭരണാനുമതി ലഭിച്ച പദ്ധതികൾ മുതലായ ചെലവുകൾക്കായി അനുവദിച്ച തുകയ്ക്ക് പുറമെ 15 കോടി രൂപ അധികമായി

അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

78) 2204-00-104-90- **സർക്കസ് പ്രോത്സാഹിപ്പിക്കുന്നതിന്**

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം : 88 ലക്ഷം രൂപ

മുൻ വർഷത്തെ കുടിശ്ശിക, ജീവനക്കാരുടെ പെൻഷൻ, കെട്ടിട നിർമ്മാണം എന്നീ ചെലവുകൾക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 160 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

79) സർക്കസ് കലയെ പുനരുജ്ജീവിപ്പിക്കുന്നതിനായി ജിംനാസ്റ്റിക്സ്, അക്രോബാറ്റിക്സ് എന്നിവ കൂടി ഉൾപ്പെടുത്തി കൂടുതൽ പഠിതാക്കളെ ഇതിലേക്ക് ആകർഷിക്കത്തക്ക വിധത്തിലുള്ള പരസ്യ പ്രചരണ പരിപാടികൾ സംഘടിപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

80) 2204-00-104-77-02- **കായിക വിനോദ വൈദ്യസഹായ കേന്ദ്രം- വേതനം**

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം : 1.21 ലക്ഷം രൂപ

ജീവനക്കാർക്ക് വേതനം നൽകുന്നതിനായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.39 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

81) 2204-00-104-61- **മലപ്പുറം മഞ്ചേരിയിൽ സ്റ്റേഡിയവും സ്പോർട്സ് കോംപ്ലക്സും നിർമ്മാണം**

ബഡ്ജറ്റ് വിഹിതം : ഇല്ല

മലപ്പുറം ജില്ലയിലെ മഞ്ചേരിയിൽ സ്റ്റേഡിയവും സ്പോർട്സ് കോംപ്ലക്സും നിർമ്മിക്കുന്നതിനായി 401.31 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

82) 2204-00-104-60- **കരുണാകരൻ സ്മാരക സ്റ്റേഡിയം - മാള**

ബഡ്ജറ്റ് വിഹിതം : ഇല്ല

മാളയിലെ കെ. കരുണാകരൻ സ്മാരക സ്റ്റേഡിയം നിർമ്മിക്കുന്നതിനായി 168.69 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

83) 2204-00-104-57- **വോളിബോൾ അക്കാദമി - ഇടുക്കി**

ബഡ്ജറ്റ് വിഹിതം : ഇല്ല

ഇടുക്കി ജില്ലയിൽ വോളിബോൾ അക്കാദമി സ്ഥാപിക്കുന്നതിനായി 46 ലക്ഷം രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

84) 2204-00-104-56- **പാലാ മുനിസിപ്പൽ സ്റ്റേഡിയം പുനരുദ്ധാരണം**

ബഡ്ജറ്റ് വിഹിതം : ഇല്ല

പാലായിലെ മുനിസിപ്പൽ സ്റ്റേഡിയം പുനരുദ്ധരിക്കുന്നതിനായി 485.4 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

85) 2204-00-104-49- **കായിക താരങ്ങളുടെ പ്രോത്സാഹനവും മെച്ചപ്പെടുത്തലും - തൈക്കോണ്ട, ജൂഡോ, കരാട്ടെ മുതലായവ**

ബഡ്ജറ്റ് വിഹിതം : ഇല്ല

ആയോധന കലകളുടെ പ്രോത്സാഹനത്തിനായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ധനസഹായം നൽകുന്നതിനായി 73.60 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

86) 2204-00-104-24- **35-ാം ദേശീയ ഗെയിംസ്**

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം : ഇല്ല

പദ്ധതിയേതരം : 1 ലക്ഷം രൂപ

35ാം ദേശീയ ഗെയിംസിനോടനുബന്ധിച്ച് പ്രവർത്തിച്ചിരുന്ന എഞ്ചിനീയറിംഗ് വിഭാഗത്തിനെ നിലനിർത്തുന്നതിനും അവരുടെ ശമ്പളാനുകൂല്യങ്ങൾ നൽകുന്നതിനുമായി ബഡ്ജറ്റ് വിഹിതത്തിനു പുറമെ പദ്ധതിയേതര ഇനത്തിൽ 150 ലക്ഷം രൂപയും ദേശീയ ഗെയിംസിന്റെ വേദിയിലേയ്ക്കുള്ള റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികളുടെ ഭാഗമായി കോഴിക്കോട് ജില്ലയിൽ പൂർത്തീകരിച്ച രണ്ട് പ്രവൃത്തികളുടെ ബിൽ തുക നൽകുന്നതിനായി പദ്ധതിയിനത്തിൽ 480 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

തിരുവനന്തപുരം,
2016 ആഗസ്റ്റ് 11.

പ്രൊഫ. സി. രവീന്ദ്രനാഥ്,
*അദ്ധ്യക്ഷൻ,*
*സബ്ജക്ട് കമ്മിറ്റി VI.*